(ഇ) ഡോ. അച്യുത് ശങ്കർ എസ്. നായർ ഡയറക്ടർ, സെന്റർ ഫോർ ബയോ ഇൻഫർമാറ്റിക്സ്, യൂണിവേഴ്സിറ്റി ഓഫ് കേരള, ശ്രീ. ജോൺസ് വി. ജോൺ പരീക്ഷാഭവൻ മുൻ സെക്രട്ടറി, ഡോ. കെ മുഹമ്മദ് വൈ. സഫറുള്ള, ഡയറക്ടർ, ഐ.ടി. മിഷൻ എന്നിവർ അംഗങ്ങളായി പൊതുവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം സംബന്ധിച്ച മുഴുവൻ കാര്യങ്ങളും അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 21-5-2015- ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) 1927/15/പൊ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ കൂടി കണക്കിലെടുത്ത് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കായൽ കയ്യേറ്റം

17 (*107) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളപ്പിറവിക്കുശേഷമുണ്ടായിട്ടുള്ള കായൽ കയ്യേറ്റങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കായൽ, തോട് എന്നിവ നികത്തി കയ്യേറ്റം നടത്തി കൈവശപ്പെടുത്തുന്ന ഭൂമിക്ക് തണ്ടപ്പേർ നമ്പർ തരപ്പെടുത്തിക്കൊടുത്ത് കൈമാറ്റ സൗകര്യം നല്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കേരളപ്പിറവിക്കുശേഷം കായലോരങ്ങളിൽ, കരഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധന കണ്ടെത്താൻ, നിഷ്പക്ഷരായ ഉദ്യോഗസ്ഥരുടെ സംഘത്തെ നിയോഗിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കേരളപ്പിറവിക്കുശേഷം സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെപ്പറ്റി പ്രത്യേക പഠനം നടത്തി ഇക്കാര്യത്തിലുള്ള പൂർണ്ണമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വെള്ളൈനന്നി കായൽ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ടി കായൽ പുനരുദ്ധാരണ സർവ്വേയുടെ ഭാഗമായി ജില്ലാ കളക്ടറുടെ 8-10-2013-ലെ ജെ 4-79893/13 ഉത്തരവ് പ്രകാരം പരിശോധന നടത്തി വെങ്ങാനൂർ, കല്ലിയൂർ വില്ലേജിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി കയ്യേറ്റങ്ങളിൻമേൽ കേരള ലാന്റ് കൺസർവൻസി നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ 12 കേസ്സുകളിലായി 6.43.32 ഹെക്ടർ കായൽ പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ നാളിതുവരെ 4 ഹെക്ടർ 33 ച.മീ. സ്ഥലത്ത് കായൽ കയ്യേറിയിട്ടുള്ളതായി അന്വേഷണ രേഖകൾ പരിശോധിച്ചതിൽനിന്നും അറിവായിട്ടുണ്ട്. കായലുകളിലും ജലസ്രോതസ്സുകളിലും ഉണ്ടാകുന്ന കയ്യേറ്റങ്ങളെപ്പറ്റി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. പ്രധാനപ്പെട്ട ചിറകൾ, കായലുകൾ എന്നിവയുടെ സുസ്ഥിര സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പഠനങ്ങളിൽ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ റാംസർ സൈറ്റുകളായി പ്രഖ്യാപിക്കപ്പെട്ട കായലുകളുടെ വിസ്തീർണ്ണം കുറഞ്ഞതായി CWRDM രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചിറകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് നടത്തുന്ന പഠന പര്യവേക്ഷണങ്ങളിലും ജലസ്രോതസ്സുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ഈ വകുപ്പിൽ വിവരം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12-11-2013-ൽ പുറപ്പെടുവിച്ച സർക്കുലറിൽ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കായൽ, തോട് എന്നിവ നികത്തി കയ്യേറ്റം നടത്തി കൈവശപ്പെടുത്തുന്ന ഭൂമിക്ക് തണ്ടപ്പേർ നമ്പർ തരപ്പെടുത്തിക്കൊടുക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) നിഷ്പക്ഷരായ ഉദ്യോഗസ്ഥരെ മാത്രമേ നിയമിക്കാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly